# ലോകം ഇരുപതാം നൂറ്റാണ്ടിൽ

## ക്ലാസ് –2

# സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ.

ബാൾക്കൻ പ്രദേശത്ത് ആധിപത്യം ഉറപ്പിക്കാൻ റഷ്യൻ സഹായത്തോടെ സെർബിയയും, ജർമനിയുടെ പിന്തുണയോടെ ആസ്ട്രിയയും ശ്രമിച്ചതാണ് പ്രതിസന്ധികൾക്ക് കാരണം.

## സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ.

-മൊറോക്കൻ പ്രതിസന്ധി.

-ബാൾക്കൻ പ്രതിസന്ധി.




BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437


MOLDOVA
SLOVENIA
ROMANIA
CROATIA
The Balkans
BOSNIA AND HERZEGOVINA
SERBIA
Black Sea
MONTENEGRO
Adriatic Sea
KOSOVO
BULGARIA
MACEDONIA
TURKEY
ALBANIA
N
W
E
S
GREECE
Aegean Sea
Ionian Sea




BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437


# സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ

## മൊറോക്കൻ പ്രതിസന്ധി

1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച് ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു. എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല. മൊറോക്കൻ തുറമുഖമായ അഗഡീറിലേക്ക് ജർമനി യുദ്ധക്കപ്പലുകൾ അയച്ചു. തുടർന്നുള്ള അനുരഞ്ജനചർച്ചയിൽ തങ്ങളുടെ കോളനിയായ ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു. എങ്കിലും ഫ്രാൻസും ജർമനിയും തമ്മിലുള്ള ശത്രുത തുടർന്നു.

## ബാൾക്കൺ പ്രതിസന്ധി

ഗ്രീസിന് കിഴക്കുള്ള ഈജിയൻ കടലിനും കരിങ്കടലിനും സമീപത്തായാണ് ബാൾക്കൺ മേഖല സ്ഥിതിചെയ്യുന്നത്. ഇത് ഓട്ടോമൻ തുർക്കികളുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. 1912 ൽ ബാൾക്കൺ സഖ്യം (സെർബിയ, ഗ്രീസ്, മോണ്ടിനിഗ്രോ, ബൾഗേറിയ) തുർക്കിയെ പരാജയപ്പെടുത്തി. എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൾക്കൺ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. ഇത് ബാൾക്കൺ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്കു കാരണമായി.



ആസ്ട്രേലിയയുടെ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനൻറ് കൊല്ലപ്പെട്ടത്.

-ആസ്ട്രേലിയയുടെ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനൻറിനെ ബോസ്നിയൻ തലസ്ഥാനമായ സാരയാവോയിൽ വച്ച് 1914 ജൂണിൽ സെർബിയക്കാരനായ ഗാവ് ലൊ പ്രിൻസപ് വെടിവെച്ചു കൊന്നു.

-സെർബിയയാണ് ഇതിന് ഉത്തരവാദിയെന്ന് പ്രഖ്യാപിച്ച ആസ്ട്രിയ സെർബിയയുനേരെ 1914 ജൂലൈ 28ന് യുദ്ധം പ്രഖ്യാപിച്ചു.

-ഓരോ സഖ്യരാഷ്ട്രവും തങ്ങളുടെ ചേരിയിലെ രാഷ്ട്രങ്ങളെ സഹായിക്കാനെത്തി.

-ലോകത്തെ ചെറുതും വലുതുമായ രാഷ്ട്രങ്ങൾ നേരിട്ടോ അല്ലാതെയോ ഈ യുദ്ധത്തിൽ പങ്കാളിയായതിനാൽ ഒന്നാം ലോക യുദ്ധം എന്നറിയപ്പെടുന്നു.

**BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437**

# ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ?

-ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.

-കൃഷി വ്യവസായം വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.

-ദാരിദ്ര്യം തൊഴിലില്ലായ്മ നാണയപ്പെരുപ്പം എന്നിവ വർധിച്ചു.

-യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.

-ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.

-ലോകസമാധാനം സംരക്ഷിക്കുന്നതിനായി സർവ്വ രാഷ്ട്രസഖ്യം എന്ന സംഘടന രൂപംകൊണ്ടു.

BIJU KK,  HST SS, GHSS TUVVUR, MALAPPURAM. 9895695437

ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവർക്ക് പരാജയപ്പെട്ടവരോടുണ്ടായിരുന്ന പ്രതികാരത്തിന് ഉദാഹരണമായിരുന്ന വേഴ്സായി സന്ധി. സമർത്ഥിക്കുക

-ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച ബ്രിട്ടന്റെയും ഫ്രാൻസിന്റെയും നേതൃത്വത്തിലുള്ള സഖ്യം 1919 പാരീസിൽ ഒത്തുകൂടി സമാധാന ശ്രമങ്ങൾ ആരംഭിച്ചു.

-പരാജയപ്പെട്ട രാഷ്ട്രങ്ങളുമായി അവർ വെവ്വേറെ സന്ധികൾ ഒപ്പിട്ടു.

-അതിൽ പ്രധാനപ്പെട്ടതാണ് ജർമനിയുമായി 1919-ൽ ഒപ്പുവച്ച വേഴ്സായി സന്ധി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# വേഴ്സായി സന്ധി.

–ഇതുപ്രകാരം ജർമനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതിച്ചെടുത്തു

–യുദ്ധ നഷ്ടപരിഹാരമായി വൻതുക ജർമനി സഖ്യകക്ഷികൾക്ക് നൽകേണ്ടിവന്നു

–ജർമ്മനിയുടെ സമ്പന്നമായ ഖനി പ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കി

–ജർമനിയുടെ  മേൽ മുഴുവൻ യുദ്ധക്കുറ്റവും കെട്ടിവയ്ക്കുകയും ജർമനിയെ നിരായുധീകരിക്കുകയും ചെയ്തു.

BIJU KK,  HST SS, GHSS TUVVUR, MALAPPURAM. 9895695437

## കറുത്ത വ്യാഴാഴ്ച



1929 ഒക്ടോബർ 24 ന് ന്യൂയോർക്ക് ഓഹരിക്കമ്പോളത്തിലുണ്ടായ തകർച്ച 'കറുത്ത വ്യാഴാഴ്ച' എന്നറിയപ്പെടുന്നു. അതുവരെയുണ്ടായിരുന്ന സാമ്പത്തികമുന്നേറ്റം ഒറ്റ ദിവസംകൊണ്ട് തകർന്നടിഞ്ഞു. നിക്ഷേപകരുടെ പിന്മാറ്റവും ഓഹരികൾ വൻതോതിൽ വിറ്റഴിക്കാനുള്ള ശ്രമവുമാണ് ഓഹരിക്കമ്പോളത്തെ തകർത്തത്. നിരവധിപേർക്ക് ജീവിതത്തിലെ മുഴുവൻ സമ്പാദ്യവും നഷ്ടമായി. ധാരാളം പേർ ആത്മഹത്യ ചെയ്തു. ന്യൂയോർക്കിലെ തകർച്ച അമേരിക്കയിൽ മാത്രം ഒതുങ്ങി നിന്നില്ല. മറ്റു യൂറോപ്യൻ രാജ്യങ്ങളെയും അത് ബാധിച്ചു. വ്യവസായശാലകളിൽ ഉൽപ്പാദനം കുറഞ്ഞു, തൊഴിലില്ലായ്മ രൂക്ഷമായി, ലോകവാണിജ്യം തന്നെ തകരാറിലായി.

## 1929 ൽ ലോകത്താകെ ബാധിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

-ഒന്നാം ലോക യുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് അമേരിക്ക വൻതോതിൽ വായ്പകൾ നൽകി

-ആഗോള വിനിമയത്തിന്റെ അടിസ്ഥാനം ബ്രിട്ടീഷ് പൗണ്ടിന് പകരം അമേരിക്കൻ ഡോളർ ആയി മാറി

-അമേരിക്ക പുതിയ ലോക സാമ്പത്തിക ശക്തിയായി ഉയർന്നു വന്നു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

-യുദ്ധം പാപ്പരാക്കി യ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതെ ആയി.

-ഉൽപന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.

-അമേരിക്കയിൽ നിന്ന് എടുത്ത വായ്പകൾ തിരിച്ചടക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ച വരുത്തി.

-ബാങ്കുകൾ തകർന്നു.

-പണപ്പെരുപ്പം വർധിച്ചു.

-തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.

-ഈ പ്രതിസന്ധി മറികടക്കുന്നതിന് യൂറോപ്യൻ രാജ്യങ്ങൾ കണ്ടെത്തിയ മാർഗം തങ്ങളുടെ കൈവശമുള്ള കോളനികളിൽ നികുതി വർധിപ്പിക്കുക എന്നതായിരുന്നു.

എന്നെ ശ്രവിക്കുന്നവരോട് നിരാശപ്പെടരുതെന്ന് ഞാൻ പറയുന്നു. മനുഷ്യന്റെ അത്യാർത്തിയാണ് മനുഷ്യന്റെ ദുരന്തമായി പരിണമിച്ചത്. മനുഷ്യവിദ്വേഷം ഇല്ലാതാവുകയും ഏകാധിപതികൾ മരണപ്പെടുകയും ചെയ്യും. ജനങ്ങളിൽനിന്നു തട്ടിയെടുത്ത അധികാരം അവർ മരണമടയുന്നതോടെ ജനങ്ങൾ തിരിച്ചെടുക്കുകതന്നെ ചെയ്യും. മനുഷ്യൻ നിലനിൽക്കുന്നിടത്തോളം കാലം സ്വാതന്ത്ര്യം നശിക്കില്ല.

ചാർളി ചാപ്ലിന്റെ 'ദ ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന സിനിമയിൽനിന്ന്.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# ഫാഷിസം ഒന്നാം ലോകയുദ്ധത്തിന്റെ സൃഷ്ടിയായിരുന്നു. സമർത്ഥിക്കുക.

-ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച രാജ്യങ്ങളുടെയും പരാജയപ്പെട്ട രാജ്യങ്ങളുടെയും അവസ്ഥ പരിതാപകരമായിരുന്നു.

-പല യൂറോപ്യൻ രാജ്യങ്ങളിലും നിലവിലുള്ള ഭരണകൂടങ്ങൾക്ക് അധികാരം നഷ്ടപ്പെട്ടു.

-ജനങ്ങൾ തൊഴിൽരഹിതരായി

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

-നാണയപ്പെരുപ്പം സാമ്പത്തികമേഖലയെ തകർത്തു.

-ഈ രാഷ്ട്രീയ അനിശ്ചിതത്വത്തെ ചൂഷണം ചെയ്ത് അധികാരത്തിൽ വന്നതാണ് ഫാഷിസം.

-ഇറ്റലിയിൽ ഫാഷിസം ജർമനിയിൽ നാസിസം എന്നറിയപ്പെട്ടു.

-സാമ്പത്തിക തകർച്ച, യുദ്ധത്തിൽ വിജയിച്ചവരോടുള്ള പ്രതികാരമനോഭാവം, ലക്ഷ്യബോധമില്ലാത്ത ഭരണകൂടം തുടങ്ങിയ ഘടകങ്ങൾ ഫാഷിസത്തിന് അനുകൂല സാഹചര്യമൊരുക്കി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437



# ഫാഷിസം

ലാറ്റിൻ പദമായ 'ഫാസസ്' എന്ന വാക്കിൽ നിന്നാണ് ഫാഷിസം എന്ന വാക്ക് രൂപംകൊണ്ടത്. ഇതിന്റെയർഥം ഒരു കെട്ട് ദണ്ഡും അതിനു മുകളിൽ ഒരു മഴുവും എന്നാണ്. പുരാതന റോമിലെ അധികാരത്തിന്റെ ചിഹ്നമായിരുന്നു ഇത്.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# ഫാഷിസത്തിന്റെ സവിശേഷതകൾ.

-ജനാധിപത്യത്തോടുള്ള വിരോധം.
-സോഷ്യലിസത്തോടുള്ള എതിർപ്പ്.

-രാഷ്ട്രത്തെ മഹത്വം വൽക്കരിക്കൽ
-വംശ മഹിമ ഉയർത്തി പിടിക്കൽ.

-യുദ്ധത്തെ മഹത്വവൽക്കരിക്കൽ.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

–തീവ്ര ദേശീയത പ്രചരിപ്പിക്കൽ.
–ഭൂതകാലത്തെ പ്രകീർത്തിക്കൽ.

–കല, സാഹിത്യം, വിദ്യാഭ്യാസം
തുടങ്ങിയവയിലൂടെയുള്ള ആശയപ്രചരണം.
–സൈനിക സ്വേച്ഛാധിപത്യം.

–രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ.

# വിജയിച്ച ഇറ്റലി



ഒന്നാം ലോകയുദ്ധം ആരംഭിച്ചപ്പോൾ ത്രികക്ഷി സഖ്യത്തിലായിരുന്ന ഇറ്റലി യുദ്ധം തുടരവെ ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പക്ഷത്തേക്ക് കൂറുമാറി. അങ്ങനെ യുദ്ധം അവസാനിക്കുമ്പോൾ ഇറ്റലി വിജയിച്ചവരുടെ പക്ഷത്തായി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437



BIJU KK,  HST SS, GHSS TUVVUR, MALAPPURAM. 9895695437

“പുരുഷന് യുദ്ധം സ്ത്രീയ്ക്ക് മാതൃത്വം എന്നതുപോലെയാണ്.”

മുസ്സോളിനി

**BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437**


# ഇറ്റലിയിൽ ഫാഷിസ്റ്റ് പാർട്ടി അധികാരത്തിൽ എത്തിയ സാഹചര്യം വ്യക്തമാക്കുക.

-ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ചവരുടെ കൂട്ടത്തിൽ പെട്ടിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.

-യുദ്ധാനന്തര കാലത്തെ വ്യവസായങ്ങളുടെ തകർച്ച, തൊഴിലില്ലായ്മ, നികുതി വർദ്ധനവ് പണപ്പെരുപ്പം തുടങ്ങിയവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നും അകറ്റി.

-രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോ എന്ന ഭയം ഫാഷിസത്തെ പിന്തുണയ്ക്കാൻ സമ്പന്നരെപ്രേരിപ്പിച്ചു.

## മെറ്റിയോറ്റി



ഇറ്റലിയിലെ പ്രമുഖ സോഷ്യലിസ്റ്റ് ചിന്തകനായിരുന്നു മെറ്റിയോറ്റി. ഫാഷിസ്റ്റുകളുടെ പ്രവർത്തനങ്ങളെ സാധാരണക്കാരന് അദ്ദേഹം വ്യക്തമാക്കിക്കൊടുത്തു. സ്വതന്ത്രമായ എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും ഫാഷിസ്റ്റ് വിരുദ്ധത പ്രകടിപ്പിച്ച മെറ്റിയോറ്റിയെ ഫാഷിസ്റ്റുകൾ തെരുവിൽ വച്ച് പിടികൂടി വധിച്ചു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

## ഇറ്റലിയിൽ അധികാരം പിടിച്ചെടുത്ത മുസോളിനിയുടെ ഭരണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

-രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ സ്വേച്ഛാധിപത്യപരമായ നടപടികൾ കൈക്കൊണ്ടു.
-അക്രമത്തിന്റെയും ഹിംസയുടെയും മാർഗ്ഗം സ്വീകരിച്ചു.

-സോഷ്യലിസ്റ്റുകൾ, തൊഴിലാളി-കർഷക നേതാക്കൾ എന്നിവരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിച്ചു.
-ഫാസിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധിച്ചു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

-പ്രാചീനറോമാ സാമ്രാജ്യം പുനസ്ഥാപിക്കാൻ ശ്രമിച്ചു.
-പ്രാചീന റോമൻ ഭരണത്തിന്റെ പല മുദ്രകളും സ്വീകരിച്ചു.

-ഫാഷിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിന് കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെ ഉപയോഗിച്ചു.
-ആക്രമണോത്സുക വിദേശനയം സ്വീകരിച്ചു. എത്യോപ്യ, അൽബേനിയ തുടങ്ങിയ രാജ്യങ്ങൾ ആക്രമിച്ചു.

-ഇറ്റലിയുടെ സാമ്രാജ്യത്വമോഹം ലോകരാജ്യങ്ങളെ മറ്റൊരു ലോക യുദ്ധത്തിലേക്ക് നയിച്ചു.

# ALL THE BEST

# By

**BIJU K K, GHSS TUVVUR**

**MALAPPURAM-Wandoor**

**9895695437**